പഞ്ചായത്തുകളിൽ ആറിന് 50 പൈസ മുനിസിപ്പാലിറ്റി/ടൗൺഷിപ്പ് - 1.00 രൂപ

കോർപ്പറേഷൻ - 2.00 രൂപ

(ബി) 1.4.1998 മുതൽ പരിഷ്ക്കരിച്ച നിരക്കുപ്രകാരം, ഭൂനികുതി പഞ്ചായത്ത് പ്രദേശങ്ങളിൽ ആർ ഒന്നിന് 20 ആർ വരെ 50 പൈസയും അതിനു മുകളിൽ 1 രൂപയും മുനിസിപ്പാലിറ്റി/ടൗൺഷിപ്പ് പ്രദേശങ്ങളിൽ ആർ ഒന്നിന് 6 ആർ വരെ 1 രൂപയും അതിനുമുകളിൽ 2 രൂപയും കോർപ്പ റേഷൻ പ്രദേശങ്ങളിൽ ആർ ഒന്നിന് 2 ആർ വരെ 2 രൂപയും അതിനു മുക ളിൽ 4 രൂപയും ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) പഞ്ചായത്തു പ്രദേശങ്ങളിൽ 20 ആർ വരെയും മുനിസിപ്പാ ലിറ്റി/ടൗൺഷിപ്പ് പ്രദേശങ്ങളിൽ 6 ആർ വരെയും കോർപ്പറേഷനുകളിൽ 2 ആർ വരെയും ഉള്ള ഭൂമിയുടെ നികുതിയിൽ മാറ്റമില്ല. എന്നാൽ ഈ പരിധിക്കു മുകളിൽ വരുന്ന ഭൂമിയുടെ നികുതിനിരക്ക് ഇരട്ടിയായി വർദ്ധിച്ചി ട്ടുണ്ട്.

31 (1762) പട്ടയം നൽകാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല ബ്ലോക്ക് അതിർത്തിയിലുള്ള എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടു ണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 1999 ഏപ്രിൽ, മേയ് മാസങ്ങളിലായി എത്രപേർക്ക് പട്ടയം കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) വർക്കല നഗരസഭാ പ്രദേശത്ത് ഇതുവരെ പട്ടയം ലഭിക്കാ ത്തവർക്ക് അടിയന്തിരമായി പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ചില ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള ഉപയോഗമില്ലാതെ ഇരിക്കുന്ന ഭൂമി റവന്യൂവകുപ്പ് തിരിച്ചെടുത്ത് പൊതു ആവശ്യത്തിനു വേണ്ടി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 535 കുടുംബങ്ങൾക്ക്

(ബി) 250 പേർക്ക്

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ആവശ്യാനുസരണം നടപടി സ്വീകരിക്കുന്നതാണ്.

32 (1765) സർവ്വേ നടപടികൾ പൂർത്തിയാക്കാൻ നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ നടപടികൾ പൂർത്തിയാക്കാൻ എന്തെല്ലാം പുതിയ നടപടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ രംഗത്ത് ജീവനക്കാരുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇലക്ട്രോണിക് സർവ്വേ ഉപകരണങ്ങൾ, കമ്പ്യൂട്ടർ, പ്ലോട്ടർ എന്നീ ആധുനിക ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ നടപടികൾ പൂർത്തിയാക്കാൻ നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും സർവ്വേ നടപടികൾക്ക് വിഘ്നം വരാതിരിക്കാനായി 223 സർവ്വേയർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരം നിയമിക്കുകയും ചെയ്തിട്ടുണ്ട്.

33 (1766) താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര താലൂക്കുകളും വില്ലേജുകളും നിലവിലുണ്ട്;

(ബി) ഇവ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് എത്ര റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്; അവ ആരുടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വില്ലേജുകളെ പഞ്ചായത്തടിസ്ഥാനത്തിലും താലൂക്കുകളെ ബ്ലോക്കടിസ്ഥാനത്തിലും പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(ഡി) പഞ്ചായത്ത്രാജ് നഗരപാലികാ ഭരണക്രമത്തിൽ ഇത് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ഉത്തരം

(എ) 63 താലൂക്കുകളും 1452 വില്ലേജുകളും നിലവിലുണ്ട്.

(ബി) രണ്ട് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ഡോ. ബാബുപോൾ കമ്മീഷന്റെയും ശ്രീ. എം.ജി.കെ. മൂർത്തി കമ്മീഷന്റെയും റിപ്പോർട്ടുകൾ.

(സി) വില്ലേജുകൾ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ധനകാര്യകമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. താലൂക്കുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നുംതന്നെ പരിഗണനയിലില്ല.

(ഡി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly